12. ഈ സ്കീമിൽ ചേരുന്ന ഒരംഗം നറുക്ക് ലഭിച്ച് തുക കൈപ്പറ്റിയശേഷം മൂന്ന് തവണ തുടർച്ചയായി കുടിശിഖ വരുത്തിയാൽ കുടിശിഖ തവണ മുതൽ സ്കീം തീരുന്നതുവരെയുള്ള തവണകളുടെ തുക ഒന്നായും ആയതിന്റെ നാളിതുവരെ പലിശയും മറ്റ് ചിലവുകളും ഉൾപ്പെടെയുള്ള തുകയ്ക്ക് നിയമാനുസരണമുള്ള മേൽ നടപടികൾ സംഘം സ്വീകരിക്കുന്നതിനും ആയത് അംഗത്തിൽ നിന്നോ ജാമ്യക്കാരിൽനിന്നോ, ഒന്നാകെ സഹകരണ ആക്ടിനും റൂളിനും വിധേയമായി ഈടാക്കിയെടുക്കുന്നതിന് സംഘത്തിന് അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.

13. ഈ സ്കീമിൽപ്പെട്ട അംഗത്തിൽ നിന്നും സംഘത്തിലേക്ക് എന്തെങ്കിലും തുക ഈടാകാനുണ്ടെങ്കിൽ ആയത് ഈ സ്കീം പ്രകാരം അംഗത്തിന് ലഭിക്കേണ്ട തുകയിൽ നിന്നും ഈടാക്കുന്നതിന് സംഘത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

14. ഈ സ്കീമിൽ ചേർന്ന് നറുക്ക് വീഴാത്ത ഒരംഗത്തിന് സ്കീമിൽ അംഗം അടച്ചിട്ടുള്ള ആകെ തുകയുടെ 80% വരെ നിലവിലുള്ള സാധാരണ വായ്പയുടെ പലിശ നിരക്കിൽ അനുവദിക്കുന്നതാണ്. നറുക്ക് വീണ് പണം പറ്റുമ്പോഴോ അതിനുമുൻപോ ടി അഡ്വാൻസ് കണക്ക് അവസാനിപ്പിക്കേണ്ടതാണ്.

15. ഈ സ്കീമിന്റെ നിബന്ധനകളിൽ ഭേദഗതി വരുത്തുന്നതിനുള്ള അധികാരം സംഘം ഭരണസമിതിയിൽ നിക്ഷിപ്തമാണ്. ടി ഭേദഗതികൾക്ക് ബഹു. സഹകരണസംഘം ജോയിന്റ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്.

16. ഈ സ്കീമിന്റെ കമ്മീഷൻ, മുടക്കു പലിശ, മറ്റു വരവുകൾ എന്നിവ സംഘത്തിന്റെ അതതു വർഷത്തെ ലാഭനഷ്ടക്കണക്കിൽ ഉൾപ്പെടുത്തുന്നതാണ്.

17. ഈ സ്കീമിൽ ചേരുന്നതിനും പണം കൈപ്പറ്റുന്നതിനും ആവശ്യമായ അപേക്ഷാഫാറങ്ങൾ സംഘത്തിൽ നിന്നും നിശ്ചിതവിലയ്ക്ക് ലഭിക്കുന്നതാണ്.

18. **നിർവ്വചനങ്ങൾ :-**

   1. സംഘം: സംഘം എന്നാൽ റബ്ബർ ബോർഡ് എംപ്ലോയീസ് സഹകരണസംഘം ക്ലിപ്തം നമ്പർ കെ. 155 കോട്ടയം എന്നായിരിക്കും.

   2. സ്കീം എന്നാൽ ഗ്രൂപ്പ് ഡെപ്പോസിറ്റ് ആൻഡ് ക്രെഡിറ്റ് സ്കീം (ജി.ഡി. ആൻഡ് സി. സ്കീം) എന്നായിരിക്കും.

19. ഒരംഗം ഈ സ്കീമിൽ ചേരുമ്പോൾ തന്നെ ഇത് സംബന്ധിച്ചുള്ള നിബന്ധനകൾ വായിച്ചംഗീകരിച്ചതായും നിലവിലുള്ളതും ഭാവിയിൽ കൂട്ടിച്ചേർക്കുന്നതും ഭേദഗതി വരുത്തുന്നതും ആയ എല്ലാ നിബന്ധനകളും അംഗീകരിക്കുന്നതായും കണക്കാക്കുന്നതാണ്.

20. ഈ സ്കീം സംബന്ധമായി അംഗങ്ങൾക്കുള്ള അവകാശത്തിന് അനന്തരാവകാശികളെ അപേക്ഷയിൽ നിർദ്ദേശിക്കാവുന്നതാണ്.

21. ഈ സ്കീം അനുസരിച്ച് വല്ല തർക്കവുമുണ്ടായാൽ ആയത് സംഘം ഭരണസമിതിയോടപേക്ഷിച്ച് തർക്കനിവൃത്തി വരുത്തിക്കൊള്ളേണ്ടതും ഈ നിബന്ധനകൾക്കും സംഘം നിയമാവലിക്കും വിധേയമായി ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ അവസാനതീരുമാനങ്ങൾ ആയിരിക്കുന്നതും ആകുന്നു.

22. ഈ നിബന്ധനകൾക്ക് ബഹു. സഹകരണസംഘം ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്.
   1) (നമ്പർ ഒ 6756 / 2000 കെ. ഡിസ് / 28-10-2000)
   2) (നമ്പർ ഒ. 9091 / 10 / കെ. ഡിസ് / 17-12-2010)

23. ഓരോ ഗ്രൂപ്പും തുടങ്ങുന്നതിന് മുമ്പായി സഹകരണ ഡിപ്പാർട്ട്മെന്റിന്റെ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

അപേക്ഷകന്റെ പേരും ഒപ്പും